# Dakshina Kerala Jam-iyyathul Ulama

H.O. Kollam

**ജുമുഅ പ്രഭാഷണം “ വീണ്ടെടുക്കുക നാം ” (17/03/17)**

**അവതരണം. സി.എ. മൂസാ മൗലവി MA MFB,Ph: 9447465648**

وَنُرِيدُ أَن نَّمُنَّ عَلَى الَّذِينَ اسْتُضْعِفُوا فِي الْأَرْضِ وَنَجْعَلَهُمْ أَئِمَّةً وَنَجْعَلَهُمُ الْوَارِثِينَ (٥)
وَنُمَكِّنَ لَهُمْ فِي الْأَرْضِ وَنُرِيَ فِرْعَوْنَ وَهَامَانَ وَجُنُودَهُمَا مِنْهُم مَّا كَانُوا يَحْذَرُونَ (٦)
﴿القصص﴾

വർഗീയത ക്യാൻസറായി പടരുമ്പോൾ നാം ജാഗ്രത പുലർത്തേണ്ടതുണ്ട് എന്നാണ് കഴിഞ്ഞ ആഴ്ച പറഞ്ഞ് വെച്ചത്.

➢ വർഗീയത ഭരണകൂടം സ്പോൺസർ ചെയ്യുന്നു എന്നതാണ് ഇന്ത്യയിലെ വലിയ പ്രതിസന്ധി. പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കേണ്ടവർ പ്രശ്നം സൃഷ്ടിക്കുന്ന വരായി മാറി. മന്ത്രിമാർ തന്നെ നാടു വിടാൻ ആഹ്വാനം ചെയ്യുന്നു. ദീനുമായി പ്രത്യേക ബന്ധമില്ലാത്ത ആമിർ ഖാൻ, കമൽ ഉദാഹരണം. സിനിമാ ശാലയിലെ ദേശിയഗാനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവനയാണ് കമൽ ചെയ്ത തെറ്റ്.

എം.ബി.ബി.എസ്, ബി.ഡി.എസ്. എൻട്രൻസ് പരീക്ഷ എഴുതാനുള്ള ഭാഷകളിൽ നിന്ന് ഉർദുവിനെ ഒഴിവാക്കി. അനേകം മുസ്ലിം വിദ്യാർത്ഥികളുടെ പഠനം ഇത് വഴി തടയാം. ഇതിനെതിരെ കോടതിയിൽ കേസ് കൊടുക്കേണ്ടിവന്നു. (മാധ്യമം 4-03-2017) ഇങ്ങനെ ഭരണകൂടം തന്നെ ഒരു സമുദായത്തിനെതിരെ രംഗത്ത് വരുന്നു. ചങ്ങലക്ക് ഭ്രാന്ത് പിടിച്ച അവസ്ഥ.

➢ ഇത്തരം ഭരണകൂടങ്ങളെ നിലക്ക് നിർത്താൻ യഥാർത്ഥ ഭരണാധികാരിയുടെ പിന്തുണ തേടലാണ് പരിഹാരം. ഭരണാധികാരം നൽകുന്നവനും എടുക്കുന്നവനും, ഏകാധിപതികളെ നിലക്ക് നിർത്തുന്നുവനും അല്ലാഹുവാകുന്നു.

قُلِ اللَّهُمَّ مَالِكَ الْمُلْكِ تُؤْتِي الْمُلْكَ مَن تَشَاء وَتَنزِعُ الْمُلْكَ مِمَّن تَشَاء وَتُعِزُّ مَن تَشَاء
وَتُذِلُّ مَن تَشَاء بِيَدِكَ الْخَيْرُ إِنَّكَ عَلَى كُلِّ شَيْءٍ قَدِيرٌ(٢٦) ﴿ال عمران﴾

ചരിത്രം പരിശോധിച്ചാൽ അനേകതവണ വേട്ടക്കാരിൽ നിന്ന് ഇരകളിലേക്ക് ഭരണമാറ്റം വരുത്തിയവനാണ് അല്ലാഹു എന്ന് കാണാം. ഫറോവ ഉദാഹരണം.

وَنُرِيدُ أَن نَّمُنَّ عَلَى الَّذِينَ اسْتُضْعِفُوا فِي الْأَرْضِ وَنَجْعَلَهُمْ أَئِمَّةً وَنَجْعَلَهُمُ الْوَارِثِينَ (٥)
وَنُمَكِّنَ لَهُمْ فِي الْأَرْضِ وَنُرِيَ فِرْعَوْنَ وَهَامَانَ وَجُنُودَهُمَا مِنْهُم مَّا كَانُوا يَحْذَرُونَ (٦)
﴿القصص﴾

- ഈ വിജയത്തിന്റെ സൂത്രവാക്യം നബി(സ്വ) പഠിപ്പിക്കുകയുണ്ടായി.

عَنِ ابْنِ عَبَّاسٍ أَنَّهُ قَالَ كُنْتُ رَدِيفَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ يَا غُلَامُ ، أَلَا أُعَلِّمُكَ كَلِمَاتٍ يَنْفَعُكَ اللَّهُ بِهِنَّ فَقُلْتُ بَلَى، فَقَالَ احْفَظْ اللَّهَ يَحْفَظْكَ، احْفَظْ اللَّهَ تَجِدْهُ أَمَامَكَ، تَعَرَّفْ إِلَيْهِ فِي الرَّخَاءِ يَعْرِفْكَ فِي الشِّدَّةِ (ترمذي)

(=അല്ലാഹുവിന്റെ വിധികൾ നീ പാലിക്കുമെങ്കിൽ അല്ലാഹു നിന്നെ സംരക്ഷിക്കും. നിന്റെ മുന്നിൽ അവന്റെ സഹായം എത്തും. സന്തുഷ്ട കാലത്ത് നീ നന്ദിയോടെ ജീവിച്ചാൽ ആപൽഘട്ടത്തിൽ അവന്റെ സഹായമുണ്ടാകും.)
ഗാർസൗർ മികച്ച ഉദാഹരണം.

ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ لَا تَحْزَنْ إِنَّ اللَّهَ مَعَنَا ۖ فَأَنزَلَ اللَّهُ سَكِينَتَهُ عَلَيْهِ وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ الَّذِينَ كَفَرُوا السُّفْلَىٰ ۗ﴿٤٠ /التوبة﴾

- അല്ലാഹുവിനെ കയ്യൊഴിഞ്ഞവരെ അല്ലാഹു കയ്യൊഴിയും.

عَنْ ثَوْبَانَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُوشِكُ الْأُمَمُ أَنْ تَدَاعَى عَلَيْكُمْ كَمَا تَدَاعَى الْأَكَلَةُ إِلَى قَصْعَتِهَا فَقَالَ قَائِلٌ وَمِنْ قِلَّةٍ نَحْنُ يَوْمَئِذٍ قَالَ بَلْ أَنْتُمْ يَوْمَئِذٍ كَثِيرٌ وَلَكِنَّكُمْ غُثَاءٌ كَغُثَاءِ السَّيْلِ وَلَيَنْزَعَنَّ اللَّهُ مِنْ صُدُورِ عَدُوِّكُمْ الْمَهَابَةَ مِنْكُمْ وَلَيَقْذِفَنَّ اللَّهُ فِي قُلُوبِكُمْ الْوَهْنَ فَقَالَ قَائِلٌ يَا رَسُولَ اللَّهِ وَمَا الْوَهْنُ قَالَ حُبُّ الدُّنْيَا وَكَرَاهِيَةُ الْمَوْتِ (ابوداود)

എണ്ണത്തിൽ വലിപ്പമുണ്ടെങ്കിലും ചവറുകളായിമാറിയപ്പോൾ ജനതിതി അവരുടെ മേൽ അതിക്രമം നടത്തി. ന്യൂനപക്ഷമായതല്ല. ആത്മാവ് നഷ്ടമായതാണ് പ്രശനം.

മലവെള്ളം കുത്തിയൊഴുകമ്പോൾ പുഴയുടെ ഓരത്ത് നിൽക്കുന്ന വാഴ,കപ്പ, വൃക്ഷങ്ങളെല്ലാം മറിഞ്ഞ് പുഴയിൽ വീണാൽ അവക്ക് താഴേക്ക് ഒഴുകാനേ കഴിയൂ. ഒരിക്കലും വെള്ളത്തെ അതിജയിച്ച് മുകളിലേക്ക് കയറാൻ ആവില്ല. പിടിച്ചുനിൽ ക്കാനുമാവില്ല. എന്നാൽ ആ വെള്ളത്തിന്റെ ഒഴുക്കിനെതിരെ കൊച്ചു പരൽ മത്സ്യ ങ്ങൾ അതിജയിക്കുന്നത് കാണാം. (ഊത്ത) അതിജീവനത്തിന്റെ ചിത്രമാണത്. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം: ഒന്നിന്റെ ഉള്ളിൽ ജീവനുണ്ട്. മറ്റൊന്നിന് ജീവനില്ല. ഈ പാഠമാണ് മേൽ ഹദീസ് പഠിപ്പിക്കുന്നത്. ന്യൂനപക്ഷ ഭൂരിപക്ഷമല്ല പ്രശ്നം. കഥയുള്ളവരുണ്ടോ എന്നതാണ് പ്രശ്നം.

كَم مِّن فِئَةٍ قَلِيلَةٍ غَلَبَتْ فِئَةً كَثِيرَةً بِإِذْنِ اللَّهِ ۗ وَاللَّهُ مَعَ الصَّابِرِينَ (٢٤٩) ﴿البقرة﴾